REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഗാസയിൽ സമാധാനം പുനസ്ഥാപിക്കാൻ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിൽ ഈജിപ്തും, തുർക്കിയും, ഖത്തറും പ്രഖ്യാപനം ഒപ്പുവെച്ചു.**
- **എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലെ സങ്കീർണ്ണ നിയമങ്ങൾ ഏകീകരിച്ച്, തുക പിൻവലിക്കൽ വ്യവസ്ഥകൾ ലളിതമാക്കി.**
- **സംസ്ഥാനത്തെ തദ്ദേശ സ്ഥാപന വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ സമയപരിധി ഇന്ന് അവസാനിക്കും.**
- **കോൺഗ്രസിന്റെ വിശ്വാസ സംരക്ഷണ മേഖലാ ജാഥകൾക്ക് രാവിലെ തുടക്കമാകും.**
- **ഡൽഹി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ വിജയത്തിന് തൊട്ടരികിൽ, വിജയലക്ഷ്യം 121 റൺസ് - ഇനി വേണ്ടത് 58 റൺസ്.**

## വാർത്തകൾ വിശദമായി

ഗാസയിൽ സമാധാനം പുനസ്ഥാപിക്കുന്നതിന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിൽ ഈജിപ്തും, തുർക്കിയും, ഖത്തറും ചരിത്രപരമായ പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു. ഈജിപ്തിലെ ഷാം EL ഷെയ്ക്കിൽ ഇന്ത്യയുൾപ്പെടെ മുപ്പതിൽ പരം രാജ്യങ്ങളിലെ നേതാക്കളും ദേശീയ പ്രതിനിധികളും പങ്കെടുത്ത സമാധാന ഉച്ചകോടിയിലാണ് കരാർ ഒപ്പിട്ടത്.

സമാധാന ശ്രമങ്ങൾക്ക് നേതൃത്വം നൽകിയ ട്രംപിന് ഈജിപ്തിന്റെ പരമോന്നത സിവിലിയൻ ബഹുമതി നൽകി ആദരിക്കുമെന്ന് ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽ സിസി പറഞ്ഞു. ഇസ്രായേലും ഹമാസും

ബന്ദി കൈമാറ്റം ആരംഭിച്ചതിനു പിന്നാലെയാണ് സമാധാന ഉച്ചകോടി സംഘടിപ്പിച്ചത്. ഇന്നലെ ഇസ്രായേൽ 2000 ഫലസ്തീൻ ബന്ദികളെയും ഹമാസ് 20 ഇസ്രായേൽ ബന്ദികളെയും മോചിപ്പിച്ചു.

✪✪✪

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലെ 13 സങ്കീർണ്ണ നിയമങ്ങൾ ഏകീകരിച്ച്, തുക പിൻവലിക്കൽ വ്യവസ്ഥകൾ ലളിതമാക്കി. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ചേർന്ന CBT 238-ാം യോഗത്തിലാണ് തീരുമാനം.

EPF വരിക്കാർക്ക് പ്രൊവിഡന്റ് ഫണ്ടിലെ മുഴുവൻ തുകയും വരെ ഇതുവഴി പിൻവലിക്കാൻ കഴിയുമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു. പ്രത്യേക സാഹചര്യങ്ങളിൽ പണം പിൻവലിക്കുമ്പോൾ കാരണം കാണിക്കണമെന്ന വ്യവസ്ഥയും ഒഴിവാക്കി.

തുക പിൻവലിക്കാൻ ചുരുങ്ങിയ സർവീസ് 12 മാസമാക്കി കുറയ്ക്കാനും ബോർഡ് യോഗം തീരുമാനിച്ചു. തർക്കങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിശ്വാസ് പദ്ധതിയും ആരംഭിച്ചു.

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അവസരം ഇന്ന് അവസാനിക്കും.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

(..........വോയ്സ്........)

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ 20 ഗ്രാമപഞ്ചായത്തുകളിൽ സംവരണ വാർഡുകളുടെ നറുക്കെടുപ്പ് പൂർത്തിയായി. ഇന്ന് മുതൽ നാല് ദിവസങ്ങളിലായി മറ്റ് ഗ്രാമപഞ്ചായത്തുകളിലേയും ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിലേയും സംവരണ വാർഡുകൾ നറുക്കെടുക്കും. കോഴിക്കോട് ജില്ലയിലെ 18 ഗ്രാമപഞ്ചായത്തുകളിലെ സംവരണ വാർഡുകളും ഇന്നലെ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു. നറുക്കെടുപ്പ് രാവിലെ പുനരാരംഭിക്കും. ഇടുക്കി ജില്ലയിൽ 17 ഗ്രാമപഞ്ചായത്തുകളിലെ സംവരണ വാർഡുകൾ ആദ്യ ദിവസം തീരുമാനിച്ചു.

കാസർക്കോട്ടെയും കൊല്ലത്തേയും ഏതാനും പഞ്ചായത്തുകളിലെ സംവരണ ക്രമം നറുക്കെടുത്തു.

✪✪✪

കേരളത്തിന്റെ ആരോഗ്യ മേഖലാ വിഷൻ 2031 നയരേഖ മന്ത്രി വീണാ ജോർജ്ജ് ഇന്ന് അവതരിപ്പിക്കും. തിരുവല്ല ബിലവേഴ്സ് കൺവൻഷൻ സെന്ററിൽ ചേരുന്ന ആരോഗ്യ സെമിനാറിലാണ് നയരേഖയുടെ അവതരണം. പരിപാടിയുടെ ഭാഗമായി ഒട്ടേറെ വിഷയങ്ങളിൽ സെമിനാറുകളും നിർദേശങ്ങളും പാനൽ ചർച്ചകളും ഉണ്ടായിരിക്കും.

✪✪✪

കോൺഗ്രസിന്റെ വിശ്വാസ സംരക്ഷണ മേഖലാ ജാഥകൾക്ക് ഇന്ന് തുടക്കമാകും. കാസർകോട്ട് നിന്ന് മുൻ KPCC പ്രസിഡന്റ് K മുരളീധരൻ നയിക്കുന്ന ജാഥ പ്രതിപക്ഷ നേതാവ് VD സതീശൻ രാവിലെ കാഞ്ഞങ്ങാട്ട് ഉദ്ഘാടനം ചെയ്യും.

പാലക്കാട് നിന്ന് ആരംഭിക്കുന്ന ജാഥ കോൺഗ്രസ് പ്രവർത്തക സമിതി അംഗം കൊടിക്കുന്നിൽ സുരേഷ് ആണ് നയിക്കുന്നത്. രാവിലെ തൃത്താലയിൽ KPCC പ്രസിഡന്റ് സണ്ണി ജോസഫ് ജാഥ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരത്ത് നിന്ന് ആരംഭിക്കുന്ന ജാഥ UDF കൺവീനർ അടൂർ പ്രകാശ് ആണ് നയിക്കുന്നത്. കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഗാന്ധിപാർക്കിൽ വൈകിട്ട് ജാഥ ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമല സ്വർണകവർച്ചാ വിഷയത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും നേതാക്കളും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി കൂടിക്കാഴ്ച നടത്തി.

ദേവസ്വം ബോർഡിനെ പിരിച്ച് വിട്ട് അന്വേഷണം നടത്തണമെന്നും, മുപ്പത് വർഷത്തെ ദേവസ്വം ബോർഡ് വിജിലൻസ് ഓഡിറ്റ് റിപ്പോർട്ട് പുറത്തുവിടണമെന്നും സംഘം ആവശ്യപ്പെട്ടു. ദേവസ്വം ബോർഡിൽ CAG ഓഡിറ്റ് നടത്തണമെന്നും, ദേവസ്വം ബോർഡ് ഇടപാടുകൾ കേന്ദ്ര ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെട്ടതായി രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

ശബരിമല സ്വർണ്ണക്കവർച്ചയിൽ ഹൈക്കോടതി അന്വേഷണത്തിനു നിയോഗിച്ച റിട്ട. ജസ്റ്റിസ് KT ശങ്കരനും സംഘവും മൂന്നു ദിവസത്തെ പരിശോധനയ്ക്ക് ശേഷം മടങ്ങി. ക്രൈംബ്രാഞ്ചിന്റെ പരിശോധനയും പൂർത്തിയായി.

സന്നിധാനത്തെ സ്ട്രോഗ് റൂമിലെ സ്റ്റോക്ക് രജിസ്റ്ററും, മഹസറും യഥാർത്ഥ സ്റ്റോക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നാണ് ലഭിക്കുന്ന വിവരം. ആറന്മുളയിലെ പ്രധാന സ്ട്രോങ്ങ് റൂമിലും സംഘം പരിശോധന നടത്തും.

സ്വർണക്കവർച്ചയുമായി ബന്ധപ്പെട്ട് റാന്നി കോടതിയിൽ രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തു. ഒന്നിൽ 10 പ്രതികളും മറ്റൊന്നിൽ എട്ടു പ്രതികളും പട്ടികയിലുണ്ട്. ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് രജിസ്റ്റർ ചെയ്ത രണ്ട് കേസുകളാണ് റാന്നി കോടതിയിലും നൽകിയത്.

ശബരിമല ശ്രീകോവിലിലെ കട്ടിള, വാതിൽ എന്നിവയിലെ സ്വർണ്ണം തട്ടിയെടുത്തതിനും, ഇപ്പോൾ ദ്വാരപാലക ശിൽപ്പങ്ങളിലെ സ്വർണ്ണം അപഹരിച്ചതിനുമാണ് രണ്ട് പ്രഥമ വിവരറിപ്പോർട്ടുകൾ.

✪✪✪

സംസ്ഥാനത്ത് ദീപാവലി വേളയിൽ ഹരിത പടക്കങ്ങൾ മാത്രമേ ഉപയോഗിക്കാവു എന്ന് ഗവൺമെന്റ് നിർദേശം നൽകി. രാത്രി എട്ടിനും പത്തിനുമിടയിൽ രണ്ട് മണിക്കൂർ ആണ് പടക്കങ്ങൾ പൊട്ടിക്കാൻ അനുമതി നൽകിയിരിക്കുന്നത്. നിശബ്ദ മേഖലകളുടെ നൂറ് മീറ്റർ പരിധിയിൽ പടക്കങ്ങൾ പാടില്ലെന്നും ഗവൺമെന്റ് ഉത്തരവിൽ നിർദേശമുണ്ട്.

✪✪✪

ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിന്ന് യാത്ര തിരിക്കും. ബഹ്റിൻ, ഒമാൻ, ഖത്തർ, കുവൈത്ത്, UAE എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുന്നത്. മന്ത്രി സജി ചെറിയാനും ഒപ്പമുണ്ടായിരിക്കും.

✪✪✪

എടപ്പാൾ വള്ളത്തോൾ കോളേജിൽ വള്ളത്തോൾ ജയന്തി - അക്കിത്തം ജന്മശതാബ്ദി ആഘോഷത്തിന് തുടക്കമായി. വള്ളത്തോൾ വിദ്യാപീഠവും, കേന്ദ്രസാഹിത്യ അക്കാദമിയും ആകാശവാണിയുടേയും ദൂരദർശന്റെയും പങ്കാളിത്തത്തോടെയാണ് നാലുദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. ഹിന്ദി കവി അരുൺ കമൽ ഉദ്ഘാടനം ചെയ്തു.

✪✪✪

ഡൽഹി ക്രിക്കറ്റ് ടെസ്റ്റിൽ വിജയത്തിന് തൊട്ടരികിൽ എത്തിയ ഇന്ത്യ ഒരു വിക്കറ്റിന് 63 റൺസെന്ന നിലയിൽ രാവിലെ ഒമ്പതരയ്ക്ക് ബാറ്റിംഗ് പുന:രാരംഭിക്കും. 121 റൺസാണ് ഇന്ത്യയുടെ വിജയലക്ഷ്യം. രണ്ടാം ഇന്നിംഗ്സിൽ വിൻഡീസിനെ 390 റൺസിന് പുറത്താക്കിയ ശേഷമാണ് നാലാം

ദിവസമായ ഇന്നലെ ഇന്ത്യ രണ്ടാം ഇന്നിംഗ്സ് ആരംഭിച്ചത്. KL രാഹുലും സായ് സുദർശനുമാണ് ക്രീസിൽ.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ബംഗ്ലാദേശിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ ദക്ഷിണാഫ്രിക്ക പോയിന്റ് പട്ടികയിൽ മൂന്നാം സ്ഥാനത്തെത്തി.

ഇന്ന് ശ്രീലങ്ക ന്യൂസിലാന്റിനെ നേരിടും. കൊളംബോയിലാണ് മത്സരം.

✪✪✪

ചണ്ഡിഗഡിൽ ദേശീയ വനിതാ ട്വന്റി 20 ക്രിക്കറ്റിൽ കേരളം ബിഹാറിനെ തോൽപ്പിച്ചു. 49 റൺസിനാണ് കേരളത്തിന്റെ വിജയം.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായിക മേളയുടെ ദീപശിഖാ പ്രയാണം ഉച്ച കഴിഞ്ഞ് വെസ്റ്റ് ഹിൽ സെന്റ് മൈക്കിൾസ് ഹയർ സ്കൂളിൽ നിന്ന് ആരംഭിക്കും. നാളെ മുതൽ 17 വരെ ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിലാണ് കായികമേള.

✪✪✪

ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ ചെങ്ങന്നൂരിൽ അവലോകന യോഗം ചേർന്നു. മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിലായിരുന്നു യോഗം.

ആലപ്പുഴയിൽ നിന്ന് R രവികുമാർ....

(.......വോയ്സ്......)

✪✪✪

പോസ്റ്റൽ വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് ഡ്രൈവിൽ കണ്ണൂർ പോസ്റ്റൽ ഡിവിഷൻ കേരളത്തിൽ ഒന്നാം സ്ഥാനവും രാജ്യത്ത് മൂന്നാം സ്ഥാനവും നേടി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

(..........വോയ്സ്.......)

✪✪✪

കോഴിക്കോട് പേരാമ്പ്രയിൽ പൊലീസ് നടപടിയിൽ പരിക്കേറ്റ് ശസ്ത്രക്രിയയ്ക്ക് വിധേയനായ KPCC വർക്കിങ് പ്രസിഡന്റ് ഷാഫി പറമ്പിൽ MP മൂന്ന് ദിവസത്തെ ചികിത്സക്ക് ശേഷം ആശുപത്രി വിട്ടു. ഷാഫിക്ക് ഡോക്ടർമാർ പൂർണ വിശ്രമം നിർദേശിച്ചു. MP യുടെ 10 ദിവസത്തെ ഔദ്യോഗിക പരിപാടികൾ മാറ്റിവച്ചിട്ടുണ്ട്

✪✪✪

കശുവണ്ടി വ്യവസായ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന കാഷ്യൂ കോൺക്ലേവിന് ഇന്ന് കൊല്ലത്ത് തുടക്കമാകും. മന്ത്രി P രാജീവ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ വെള്ളിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത മുൻനിർത്തി പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs:അനുഷ ആത്മപ്രകാശ്, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*